വ്യവസായ സംരംഭകർക്ക് വ്യവസായശാലകൾ വാങ്ങുന്നതിന് നേരിടുന്ന തടസ്സം

2 (4162) ശ്രീ. ഷിബു ബേബി ജോൺ :

ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായസംരംഭകർക്ക് വ്യവസായശാലകൾ തുടങ്ങുന്നതിന് അനുമതിക്കും വൈദ്യുതികണക്ഷൻ ലഭിക്കുന്നതിനും കാലതാമസം വരുത്തുന്നതു കാരണം തുടക്കത്തിൽ തന്നെ സംരംഭകർ വ്യവസായ സംരംഭം ഉപേക്ഷിച്ചുപോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവർക്കാവശ്യമായ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനായി ഏതെങ്കിലും ഒരു സ്ഥലത്ത് ഇതിനായി ഒരു പ്രത്യേക കേന്ദ്രം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ഇല്ല.

(ബി) വ്യവസായ സംരംഭങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി വ്യവസായികൾക്ക് ലഭ്യമാക്കുവാൻ വ്യവസായ വകുപ്പിൻ കീഴിൽ ഗ്രീൻചാനൽ കൗണ്ടറും ഏകജാലക ക്ളിയറൻസ് സമ്പ്രദായവും ഇപ്പോൾത്തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്.

ചെറുകിട വ്യവസായ സംരംഭകർക്ക് നൽകിവരുന്ന സഹായങ്ങൾ

3 (4163) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യവസായ സംരംഭങ്ങൾ നടപടിക്രമങ്ങളുടെ നൂലുമാലയിൽപ്പെട്ടു മുടങ്ങിപ്പോകാതിരിക്കാനും ചെറുകിട വ്യവസായങ്ങൾ പൂട്ടിപ്പോകാതിരിക്കാനും എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ നൽകുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഇവയ്ക്കു നൽകിപ്പോരുന്ന ആനുകൂല്യങ്ങളിൽ ചിലത് നിർത്തലാക്കുകയുണ്ടായോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ചെറുകിട വ്യവസായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വെട്ടിക്കുറക്കാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) പൂട്ടിപ്പോയതും ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയുന്നതുമായ ചെറുകിട വ്യവസായങ്ങൾ തുറന്നു പ്രവർത്തിക്കുവാൻ സർക്കാരിന് എന്തെങ്കിലും പദ്ധതികൾ ഉണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കികിട്ടുന്നതിനു വേണ്ടി വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ ഏരിയാ ബോർഡുകളും സംസ്ഥാന ഏക ജാലക ക്ലിയറൻസ് ബോർഡും ഫലവത്തായി പ്രവർത്തിച്ചുവരുന്നു. കഴിയുന്ത്ര ചെറുകിട വ്യവസായ യൂണിറ്റുകൾ പൂട്ടിപ്പോകാതിരിക്കാൻ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. മാർജിൻമണി വായ്പ, മൂലധന നിക്ഷേപ സബ്സിഡി, താരതമ്യേന കുറഞ്ഞ വിലയ്ക്ക് ഭൂമി നൽകൽ, സാങ്കേതിക വിജ്ഞാന വികസന ഫണ്ട്, പൊതുസേവന സൗകര്യ സെന്ററുകളുടെ സേവനം തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു.

(ബി & സി) ദേശീയതലത്തിലുള്ള തീരുമാനപ്രകാരം വ്യവസായങ്ങൾക്കുള്ള വില്പന നികുതിയിളവ് പിൻവലിച്ചതിനനുസൃതമായി സംസ്ഥാനത്തു 1-1-2000 മുതൽക്ക് വില്പന നികുതിയിളവ് ആനുകൂല്യം പിൻവലിച്ചിട്ടുണ്ട്. പൊതുവെ വ്യവസായങ്ങൾക്ക് 15% നിക്ഷേപ സബ്സിഡി പരമാവധി 15 ലക്ഷം രൂപ അനുവദിച്ചിരുന്നത് 10% എന്നും പരമാവധി സബ്സിഡി 5 ലക്ഷം രൂപായെന്നും ഇടുക്കി, വയനാട് ജില്ലകളിൽ ഇത് 10 ലക്ഷം രൂപായെന്നും 11-7-2000 മുതൽ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഉന്നത മേഖലകളിൽപ്പെടുന്നവയ്ക്ക് 15% സബ്സിഡി പരമാവധി 15 ലക്ഷം രൂപായെന്നും 11-7-2000 മുതൽ നിശ്ചയിച്ചിട്ടുണ്ട്. ഇത് വയനാട്, ഇടുക്കി, ജില്ലകളിൽ 25% യും പരമാവധി 25 ലക്ഷം രൂപയുമാണ്. ഓരോരോ മേഖലകളുടെ മുൻഗണനകൾ കണക്കിലെടുത്തുകൊണ്ടാണ് ഇവ നിശ്ചയിച്ചിട്ടുള്ളത്.

(ഡി) പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി നിലവിലുണ്ട്.

ചെറുകിട വ്യവസായങ്ങൾ നടത്തിവരുന്നവർക്കായി പ്രോത്സാഹന പദ്ധതികൾ

1 (1) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യവസായങ്ങൾ നടത്തിവരുന്നവർക്കായി നിലവിൽ എന്തെല്ലാം പ്രോത്സാഹന പദ്ധതികൾ ആണ് വ്യവസായ വകുപ്പ് നടത്തി വരുന്നതെന്ന് അറിയിക്കുമോ ;

(ബി) അഞ്ചുവർഷത്തിൽ കൂടുതൽ ലാഭകരമായി ചെറുകിട വ്യവസായങ്ങൾ നടത്തുന്നവർക്ക് ആധുനികവൽക്കരണത്തിനും വ്യവസായ വികസനത്തിനും പ്രത്യേക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) ജപ്പാൻ, കൊറിയ, ചൈന തുടങ്ങിയ രാജ്യങ്ങളിലെ ഉത്പന്നങ്ങളുമായി മത്സരിച്ചു മുന്നേറാൻ കേരളീയ സംരംഭങ്ങൾക്കായി പുതിയ ഒരു പ്രത്യേക പാക്കേജ് നൽകുമോ എന്നു വ്യക്തമാക്കുമോ ;

(ഡി) ഇവർക്ക് അന്യ സംസ്ഥാനങ്ങളിൽ ഷോറൂമുകൾ തുറക്കാനും വിപണനത്തിനും പരസ്യത്തിനും വേണ്ടിവരുന്ന ചെലവ് വഹിക്കാനും ഗവൺമെന്റ് തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly